26
2026
ഫെബ്രുവരി
വ്യാഴം
കുംഭം 14

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 44 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-44 | പേജ് 4. വില 2.00 രൂപ

02 ഗുണമേന്മയും സുസ്ഥിരതയുമാർന്ന ഊർജോൽപ്പാദനമാണ് ലക്ഷ്യം: മന്ത്രി

03 സ്വകാര്യ വിവരങ്ങൾ എങ്ങനെ കിട്ടി ഇനി സന്ദേശം അയയ്ക്കരുത്: ഹൈക്കോടതി

04 ദിശ മേഖലാ തൊഴിൽമേള : 167 പേർക്ക് മികച്ച കമ്പനികളിൽ ജോലി ലഭിച്ചു

# മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ വികസനത്തിന് വിപ്ലവകരമായ പദ്ധതികൾ നടപ്പാക്കി: മന്ത്രി

## മത്സ്യത്തൊഴിലാളി സംഗമവും സെമിനാറും ഉദ്ഘാടനം ചെയ്തു



തിരുവനന്തപുരം: മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ വികസനം മുന്നിൽകണ്ടുകൊണ്ട് വിപ്ലവകരമായ പദ്ധതികളാണ് ഈ മേഖലയിൽ നടപ്പിലാക്കിവരുന്നതെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. വേളി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കൺവെൻഷൻ സെന്ററിൽ നടത്തിയ മത്സ്യത്തൊഴിലാളി സംഗമവും സെമിനാറും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

2024ൽ ഏറ്റവും നല്ല മറൈൻ സ്റ്റേറ്റായി കേരളത്തെയും മികച്ച മറൈൻ ജില്ലയായി കൊല്ലത്തേയും തെരഞ്ഞെടുത്തു. ഇത് സർക്കാരിന്റെ കാലത്തെ അഭിമാന നേട്ടമാണ്. മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ഗുണമേന്മയുള്ള സേവനങ്ങളാണ് ദേശീയ തലത്തിൽ ഈ നേട്ടത്തിലേക്ക് നയിച്ചത്. 2021ൽ 3.61 ലക്ഷം മെട്രിക് ടൺ മത്സ്യ ഉല്പാദനം ഉണ്ടായിരുന്നത് 2022 ആയപ്പോൾ 6.87 ലക്ഷം മെട്രിക് ടൺ ആക്കാൻ സാധിച്ചു.

മത്സ്യത്തൊഴിലാളികൾക്ക് ഭവനപദ്ധതി നടപ്പാക്കിയത് ഏറ്റവും വലിയ നേട്ടമാണ്. 5,626 ഫ്ലാറ്റുകൾ പുനർഗേഹം പദ്ധതി വഴി നൽകി. കേരളത്തിൽ ഒരു മത്സ്യത്തൊഴിലാളി പോലും അനാഥരായിട്ടില്ല, എല്ലാവരേയും സനാഥരാക്കി മാറ്റിപാർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 25,436 വീടുകൾ പത്ത് വർഷത്തിനുള്ളിൽ മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ സാധിച്ചു.

2004 മുതൽ ഇൻഷുറൻസ് തുക കിട്ടാത്ത 51 കേസുകൾ ഉണ്ടായിരുന്നു. രണ്ട് അദാലത്ത് നടത്തി അപേക്ഷകൾ തീർപ്പാക്കി. മൂന്ന് മാസത്തിനുള്ളിൽ തന്നെ മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അപകടത്തിൽപ്പെട്ട് മരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് 30 ലക്ഷം രൂപ ഇൻഷുറൻസ് തുക നൽകാനാണ് സർക്കാൻ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് വലിയ പ്രധാന്യം നൽകുന്നു. രാജ്യത്ത് ആദ്യമായി മത്സ്യത്തൊഴിലാളി മക്കൾക്ക് വിദേശത്ത് പോയി പഠിക്കാൻ സൗകര്യം നൽകിയത് നമ്മുടെ സർക്കാരാണ്. തീരദേശ സ്കൂളുകളുടെ മുഖം മാറി. 53 കോടി രൂപ മുടക്കി പത്ത് തീരദേശ സ്കൂളുകുകൾ നവീകരിക്കുകയാണ്. വിദ്യാതീരം പദ്ധതിയിലൂടെ 236.13 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉപരിപഠനത്തിന് നൽകിയെന്നും മന്ത്രി പറഞ്ഞു.

എട്ട് ഇൻസുലേറ്റഡ് വാഹനങ്ങളുടെ ഫ്ലാഗ് ഓഫും മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് തുക വിതരണവും മന്ത്രി നിർവഹിച്ചു.

മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മത്സ്യമേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികളും സാധ്യതകളും ചർച്ച ചെയ്യുന്നതിനും മത്സ്യഫെഡും 42 വർഷങ്ങളും എന്ന പേരിലാണ് സഹകാരികളുടേയും മത്സ്യത്തൊഴിലാളികളുടേയും സംഗമം സംഘടിപ്പിച്ചത്.

സമ്മേളനത്തിൽ പിപി ചിത്തരഞ്ജൻ എംഎൽഎ, മത്സ്യഫെഡ് ചെയർമാൻ ടി മനോഹരൻ, മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ പി സഹദേവൻ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ആരോഗ്യമന്ത്രിക്കു പരിക്ക്; മുഖ്യമന്ത്രി ആശുപത്രിയിലെത്തി

കണ്ണൂർ: റെയിൽവേ സ്റ്റേഷനിൽ കെഎസ്‌യു പ്രതിഷേധത്തിനിടെ ആരോഗ്യമന്ത്രി വീണാ ജോർജിന് പരിക്ക്. കരിങ്കൊടി പ്രതിഷേധത്തിനിടെയാണ് സംഭവം. മന്ത്രിയുടെ കൈയ്ക്കും കഴുത്തിനും പരിക്കേറ്റു. മന്ത്രിയെ കണ്ണൂർ ജില്ലാ ആശുപത്രിയിലേക്ക് മാറ്റി. വന്ദേഭാരതിൽ യാത്രയ്ക്ക് എത്തിയതായിരുന്നു മന്ത്രി. ടിക്കറ്റ് കൗണ്ടറിന് സമീപത്ത് വച്ചാണ് പ്രതിഷേധമുണ്ടായത്. സംഭവത്തെ തുടർന്ന് മന്ത്രിയുടെ പരിപാടികൾ റദ്ദാക്കി. അതേസമയം, ആരോഗ്യമന്ത്രി വീണാ ജോർജിനെ കാണാൻ മുഖ്യമന്ത്രി പിണറായി വിജയൻ ആശുപത്രിയിലെത്തി. കണ്ണൂർ ജില്ലാ ആശുപത്രിയിലാണ് മുഖ്യമന്ത്രി ആരോഗ്യമന്ത്രിയെ കാണാനെത്തിയത്. വന്ദേഭാരതിൽ യാത്രയ്ക്ക് എത്തിയതായിരുന്നു മന്ത്രി. ടിക്കറ്റ് കൗണ്ടറിന് സമീപത്തുവച്ചാണ് പ്രതിഷേധമുണ്ടായത്. സംഭവത്തെ തുടർന്ന് മന്ത്രിയുടെ പരിപാടികൾ റദ്ദാക്കിയിരുന്നു.

## മൈഡെസിഗ്നേഷൻ 40 കോടി രൂപ സമാഹരിച്ചു

തിരുവനന്തപുരം: ഡിസൈൻ-ഇന്നവേഷൻ അധിഷ്ഠിതമായ, ഡയറക്ട്-ടു-കൺസ്യൂമർ (ഡി2സി) ഫാഷൻ ബ്രാൻഡായ മൈഡെസിഗ്നേഷൻ, ആർപിഎസ്ജി ക്യാപിറ്റൽ വെഞ്ചേഴ്സ് നയിച്ച സീരീസ് എ റൗണ്ടിൽ 40 കോടി രൂപ സമാഹരിച്ചു. നിലവിലെ നിക്ഷേപകരായ വെൽട്ടിസ് ക്യാപിറ്റൽ ശക്തമായ പങ്കാളിത്തം കാഴ്ചവെച്ചതോടൊപ്പം, തങ്ങളുടെ ഇക്വിറ്റി പങ്ക് ഇരട്ടിയായി വർധിപ്പിക്കുകയും ചെയ്തു. പുതിയ മൂലധനം സ്വന്തമായി ഓഫ്‌ലൈൻ റീട്ടെയിൽ സ്റ്റോറുകൾ ആരംഭിച്ച് വ്യാപനം ശക്തിപ്പെടുത്തുന്നതിനും സീനിയർ ലീഡർഷിപ്പ് ടീം ശക്തിപ്പെടുത്തുന്നതിനും, പുതിയ ഉൽപ്പന്ന വിഭാഗങ്ങൾ അവതരിപ്പിക്കുന്നതിനുമായി വിനിയോഗിക്കുമെന്ന് കമ്പനി അറിയിച്ചു.

## സ്പെഷൽ ക്ലാസ് ഉണ്ടെന്ന് പറഞ്ഞിറങ്ങി; തൃപ്പൂണിത്തുറയിൽ പ്ലസ് ടു വിദ്യാർഥിയെ കാണാനില്ല

കൊച്ചി: തൃപ്പൂണിത്തുറയിൽ പ്ലസ് ടു വിദ്യാർഥിയെ കാണാനില്ലെന്ന് പരാതി. ഗവൺമെൻറ് ബോയ്സ് സ്കൂളിലെ വിദ്യാർഥി ആരോൺ ജോഷിയെ (18) ആണ് കാണാതായത്. ചൊവ്വാഴ്ച രാവിലെ സ്പെഷൽ ക്ലാസ് ഉണ്ടെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയ കുട്ടി ഇതുവരെ തിരിച്ചെത്തിയിട്ടില്ല. എരൂർ ഇല്ലിക്കപ്പടിയിൽ മുല്ലപ്പറമ്പിൽ ജോഷിയുടെ മകനാണ് ആരോൺ. യൂണിഫോം ധരിച്ചാണ് അരുൺ വീട്ടിൽ നിന്നും ഇറങ്ങിയത്. കൈവശം ഒരു ടി ഷർട്ടും കുട്ടി കരുതിയിരുന്നു. സ്പെഷൽ ക്ലാസ് കഴിഞ്ഞ ശേഷം കായിക പരിശീലനത്തിനായാണ് ടി ഷർട്ട് എടുത്തത് എന്നായിരുന്നു വീട്ടുകാർ കരുതിയത്.എന്നാൽ ചൊവ്വാഴ്ച വൈകുന്നേരമായിട്ടും കുട്ടി മടങ്ങിയെത്തിയില്ല. ബന്ധുക്കളുടെ വീടുകളിൽ അന്വേഷിച്ചെങ്കിലും കുട്ടി എത്തിയിട്ടില്ല. ഇന്ന് രാവിലെയും കുട്ടി മടങ്ങി വരാത്തതിനെ തുടർന്നാണ് പോലീസിൽ പരാതി നൽകിയത്.

## വയനാട് ദുരന്തം: കോൺഗ്രസ് ഭവന പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും എട്ടു സെൻറ് സ്ഥലം, 1,100 ചതുരശ്ര അടി വീട്

കല്പറ്റ: വയനാട് പുഞ്ചരിമട്ടം ഉരുൾ ദുരന്ത ബാധിതർക്ക് കോൺഗ്രസ് നിർമിക്കുന്ന വീടുകളുടെ ശിലാസ്ഥാപനം വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കുന്നമ്പറ്റയിൽ ലോകസഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നിർവഹിക്കും.

എഐസിസി ജനറൽ സെക്രട്ടറിമാരായ കെ. സി. വേണുഗോപാൽ എംപി, പ്രിയങ്കാഗാന്ധി എംപി, കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് എംഎൽഎ, മുസ്ലിംലീഗ് സംസ്ഥാന പ്രസിഡൻറ് സാദിഖലി ശിഹാബ് തങ്ങൾ, അഖിലേന്ത്യാ സെക്രട്ടറി പി. കെ. കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ പങ്കെടുക്കും. ഡിസിസി പ്രസിഡൻറ് ടി. ജെ. ഐസക്, എംഎൽഎമാരായ ടി. സിദ്ദിഖ്, ഐ. സി. ബാലകൃഷ്ണൻ, എഐസിസി അംഗം എൻ. ഡി. അപ്പച്ചൻ, കെപിസിസി അംഗം പി. പി. ആലി എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചതാണ് വിവരം.

ഭവന പദ്ധതിയുടെ ആദ്യഘട്ടം ആറ് മാസത്തിനകം പൂർത്തിയാക്കും. ഓരോ ഗുണഭോക്താവിനും എട്ട് സെൻറ് സ്ഥലവും 1,100 ചതുരശ്ര അടി വിസ്തീർണത്തിൽ വീടും നൽകും. മണ്ണ്, നീരൊഴുക്ക് പരിശോധന, എൻവയൺമെൻറൽ എൻജിനിയറിംഗ് ഉൾപ്പെടെ പൂർത്തിയാക്കി എല്ലാ സംവിധാനങ്ങളോടെയുമാണ് പദ്ധതി നടപ്പാക്കുന്നത്. ദുരന്തത്തിൽ കെട്ടിടം നശിച്ച 40 പേർക്ക് അഞ്ചു ലക്ഷം രൂപ വീതംപാർട്ടി നൽകും. കെട്ടിടം പൂർണമായും ഭാഗികമായും നശിച്ചവരെ സർക്കാർ 19 മാസമായി പരിഗണിച്ചിരുന്നില്ല. കോൺഗ്രസ് സാമ്പത്തിക സഹായം പ്രഖ്യാപിച്ചതിനുശേഷമാണ് സർക്കാർ നിലപാട് തിരുത്തിയത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കോൺഗ്രസ് സംഭാവന നൽകിയിരുന്നു. ഇതിന് പുറമേയാണ് ഭവന പദ്ധതി നടപ്പാക്കുന്നത്. സാങ്കേതികത്വത്തിൻറെയും മാനദണ്ഡങ്ങളുടെയും പേരിൽ സർക്കാർ പട്ടികയിൽ ഇടം ലഭിക്കാത്തവരും എസ്റ്റേറ്റ് പാടികളിൽ താമസിച്ചിരുന്നവരും ഭവന പദ്ധതി ഗുണഭോക്താക്കളിൽ ഉൾപ്പെടും. പദ്ധതിയുടെ രണ്ടാംഘട്ടത്തിനു സ്ഥലമെടുക്കുന്നതിന് നടപടികൾ പുരോഗതിയിലാണ്. ദുരന്തവിവരം അന്നുതന്നെ പാർലമെൻറിൽ ഉന്നയിച്ച രാഹുൽഗാന്ധി തൊട്ടടുത്ത ദിവസം പ്രിയങ്ക ഗാന്ധിയോടൊപ്പം ചൂരൽമലയിൽ സന്ദർശനം നടത്തിയിരുന്നു. സർക്കാർ വിഭാവനം ചെയ്ത ടൗൺഷിപ്പിന് കർണാടക സർക്കാരിൻറെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് രാഹുലും പ്രിയങ്കയും ഇടപെടുകയുണ്ടായി. കോൺഗ്രസും മുസ്ലിംലീഗും പ്രഖ്യാപിച്ച ഭവന പദ്ധതികൾക്ക് തുരങ്കം വയ്ക്കാൻ സിപിഎം നടത്തിയ ശ്രമം ജനങ്ങൾ തിരിച്ചറിഞ്ഞതായും നേതാക്കൾ പറഞ്ഞു.

## ശബരിമല സ്വർണക്കൊള്ള കേസ്: മൂന്ന് പ്രതികളുടെ റിമാൻഡ് നീട്ടി; കെ. എസ്. ബൈജു നാളെ ജാമ്യഹർജി നൽകും

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായ മൂന്ന് പ്രതികളുടെ റിമാൻഡ് കാലാവധി കോടതി നീട്ടി. പ്രതികളായ കെ. എസ്. ബൈജു, പങ്കജ് ഭണ്ഡാരി, ഗോവർധൻ എന്നിവരുടെ റിമാൻഡ് കാലാവധിയാണ് 14 ദിവസത്തേക്ക് കൂടി കോടതി നീട്ടിയത്.

പ്രതികളുടെ നിലവിലെ റിമാൻഡ് കാലാവധി അവസാനിച്ചതിനെ തുടർന്ന് കോടതിയിൽ ഹാജരാക്കിയപ്പോഴാണ് വീണ്ടും 14 ദിവസത്തേക്ക് കൂടി റിമാൻഡ് നീട്ടാൻ കോടതി ഉത്തരവിട്ടത്. കേസിലെ പ്രധാന പ്രതിയായ കെ. എസ്. ബൈജു നാളെ കോടതിയിൽ സ്വാഭാവിക ജാമ്യത്തിനായി അപേക്ഷ നൽകും. ശബരിമലയിലെ ദ്വാരപാലക ശില്പം നിർമിച്ചതുമായി ബന്ധപ്പെട്ട കേസിലാണ് ബൈജു ഇപ്പോൾ ജാമ്യത്തിനായി നീക്കം നടത്തുന്നത്. കട്ടിളപ്പാളിയിൽ സ്വർണം പൂശിയതുമായി ബന്ധപ്പെട്ട ക്രമക്കേട് കേസിൽ ഇയാൾക്ക് നേരത്തെ ജാമ്യം ലഭിച്ചിരുന്നു.




## നമസ്തേ മോദി: ഇന്ത്യൻ പ്രധാനമന്ത്രിയെ വരവേറ്റ് ഇസ്രേൽ മാധ്യമം 'ദി ജറുസലേം പോസ്റ്റ്'

ടെൽ അവീവ്: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് വേറിട്ട രീതിയിൽ സ്വാഗതം പറഞ്ഞ് ഇസ്രേലി പത്രമായ 'ദി ജറുസലേം പോസ്റ്റ്. പത്രത്തിൻറെ മുൻപേജിൽ 'നമസ്തേ' എന്ന് വലിയ അക്ഷരത്തിൽ കുറിച്ചുകൊണ്ടാണ് മോദിയെ ഇസ്രായേൽ മാധ്യമങ്ങൾ വരവേറ്റത്. 2017-ന് ശേഷം ഇസ്രേലിലെത്തുന്ന മോദിയുടെ സന്ദർശനത്തിൻറെ പ്രാധാന്യം കണക്കിലെടുത്താണ് പത്രം ഇത്തരമൊരു പ്രത്യേക കവർ പേജ് തയ്യാറാക്കിയത്. പത്രത്തിൻറെ എഡിറ്റർ-ഇൻ-ചീഫ് സവിക ക്ലീൻ ആണ് സോഷ്യൽ മീഡിയയിലൂടെ ചിത്രം പങ്കുവെച്ചത്. സന്ദർശന വേളയിൽ ഇസ്രേൽ പാർലമെൻറിനെ നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാകും അദ്ദേഹം. ഇന്ത്യൻ സമയം ബുധനാഴ്ച വൈകുന്നേരം നാലു മണിയോടെ മോദി ഇസ്രേലിലെത്തും. ബെഞ്ചമിൻ നെതന്യാഹുവുമായി നടത്തുന്ന ചർച്ചയിൽ പ്രതിരോധം, സാങ്കേതികവിദ്യ, മേഖലയിലെ സമാധാനം തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും. ഇന്ത്യയും ഇസ്രേലും തമ്മിലുള്ള തന്ത്രപരമായ ബന്ധം പുതിയ തലങ്ങളിലേക്ക് ഉയർത്തുന്നതാകും സന്ദർശനമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്. പ്രധാനമന്ത്രിക്ക് മികച്ച വരവേൽപ്പ് നൽകാൻ ഇന്ത്യൻ പ്രവാസികളും ഇസ്രേൽ സർക്കാരും വിപുലമായ തയ്യാറെടുപ്പുകളാണ് നടത്തിയിരിക്കുന്നത്.

# ഹില്ലി അക്വ ഇനി മുതൽ പരിസ്ഥിതി സൗഹൃദ ബയോ–ഡീഗ്രേഡബിൾ ബോട്ടിലിൽ

### മന്ത്രി റോഷി അഗസ്റ്റിൻ വിതരണോദ്ഘാടനം നിർവഹിച്ചു




ഹിലി അക്വയുടെ പരിസ്ഥിതി സൗഹൃദ ബയോ-ഡീഗ്രേഡബിൾ ബോട്ടിലിന്റെ വിതരണോദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കുന്നു

കുടിവെള്ള വിതരണത്തിനായി ബയോ–ഡീഗ്രേഡബിൾ ബോട്ടിൽ ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ച് കേരളം അഭിമാനകരമായ നേട്ടം സ്വന്തമാക്കിയതായി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള കമ്പനിയായ ഹിലി അക്വ അവതരിപ്പിക്കുന്ന പരിസ്ഥിതി സൗഹൃദ ബയോ–ഡീഗ്രേഡബിൾ ബോട്ടിലിന്റെ വിതരണോദ്ഘാടനം തിരുവനന്തപുരം സർക്കാർ ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ മന്ത്രി നിർവഹിച്ചു.

പരിസ്ഥിതി സൗഹൃദമായ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ബോട്ടിലിന്റെയും അടപ്പിന്റെയുമടക്കം നിർമ്മാണത്തിൽ ഉപയോഗിച്ചിരിക്കുന്ന ചോളം, കരിമ്പ് തുടങ്ങിയവയിൽ നിന്നുള്ള അന്നജ അടിസ്ഥാനത്തിലുള്ള വസ്തുക്കൾ മണ്ണിൽ ലയിച്ച് ചേർന്നുപോകുന്നവയാണ്. ഉൽപ്പാദനത്തിനുള്ള സാങ്കേതിക തടസങ്ങൾ ഇല്ലാതാക്കിയതായും ആവശ്യമായ എല്ലാ അംഗീകാരങ്ങളും ലഭിച്ചതായും മന്ത്രി അറിയിച്ചു.

മറ്റ് സംസ്ഥാനങ്ങളിൽ 5 ലിറ്റർ കാനുകൾക്ക് മാത്രം അനുമതി ഉള്ള സാഹചര്യത്തിൽ, കേരളം പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നേറുകയാണ്. കൂടുതൽ ഉൽപ്പാദനം സാധ്യമാക്കി കയറ്റുമതിയും ആരംഭിച്ചു. ദക്ഷിണേന്ത്യയിൽ ആദ്യമായി കുപ്പിവെള്ളം കയറ്റി അയക്കുന്ന സംസ്ഥാനമായി കേരളം മാറി. യു എ ഇ, ഒമാൻ, സൗദി അറേബ്യ എന്നിവടങ്ങിളിലേക്ക് ഓർഡർ ലഭിച്ചിട്ടുണ്ട്.

പൊതുജന താൽപര്യാർഥം ആർ.സി.സി യിൽ 24 മണിക്കൂറും ലഭിക്കുന്ന വെൻഡിംഗ് മെഷീൻ സ്ഥാപിച്ചു. കെ.എസ്.ആർ.ടി.സി. ബസുകളിലെ കുടിവെള്ള വിതരണത്തിനുള്ള കരാറുകൾ നടപ്പിലാക്കുന്നതിലൂടെയും വിതരണ ശൃംഖല വിപുലമാക്കിയും ഹില്ലി അക്വയുടെ ഗുണമേന്മയുള്ള കുടിവെള്ളം സംസ്ഥാനത്ത് വ്യാപകമാക്കുമെന്ന് മന്ത്രി അറിയിച്ചു.

തൊടുപ്പുഴ, അരുവിക്കര എന്നിവയ്ക്ക് പുറമേ ആലുവ, കട്ടപ്പന, ചക്കിട്ടപ്പാറ എന്നിവിടങ്ങളിലും പുതിയ പ്ലാന്റുകൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി സഹായകരമാകുമെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ ഹില്ലി അക്വ സിഇഒ തിലകൻ എസ് അധ്യക്ഷത വഹിച്ചു. സീനിയർ ജനറൽ മാനേജർ സജി വി., ചീഫ് എൻജിനീയർ പ്രകാശ് ഇടിക്കുള എന്നിവർ സംസാരിച്ചു. പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളിലൂടെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കുടിവെള്ളം നൽകുക എന്നതാണ് ഹിലി അക്വയുടെ ലക്ഷ്യമെന്ന് അധികൃതർ വ്യക്തമാക്കി.

ബയോ ബോട്ടിലുകൾ ചോളം, കരിമ്പ് മുതലായ പുനരുപയോഗിക്കാവുന്ന വിഭവങ്ങളിൽ നിന്നുള്ള അന്നജത്തിൽ നിന്ന് നിർമ്മിക്കുന്ന പോളി ലാക്ടിക് ആസിഡ് പ്രീഫോമുകളാണ്. സുതാര്യവും ഭാരം കുറഞ്ഞതുമായ ഇവ പരമ്പരാഗത പ്ലാസ്റ്റിക് കുപ്പികളോട് സാമ്യമുള്ളതാണ്. വ്യാവസായിക സൗകര്യങ്ങളിൽ കൃത്യമായ താപനിലയും ഈർപ്പവും ലഭ്യമായാൽ ഇവ കമ്പോസ്റ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാകുന്നു. കൂടാതെ ക്യാപ്പ്, ലേബൽ, പാക്കേജിങ് മെറ്റീരിയൽസ് എന്നിവയും ബയോ ഡിഗ്രേഡബിൾ വസ്തുക്കളായിരിക്കും.

കൊച്ചി ആസ്ഥാനമായുള്ള ഋശഴവ ടുലരശമഹ ശേ ടല്യ്ശരലെ ജ്യ്ശ്മലേ ഘശാശലേറ എന്ന സ്റ്റാർട്ടപ്പ് സ്ഥാപനമാണ് ബയോ ബോട്ടിലുകളുടെ അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നത്.ഹരിത ചട്ടം പ്രഖ്യാപിച്ച പ്രദേശങ്ങളായ ശബരിമല, മലയാറ്റൂർ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾക്കും സംസ്ഥാന വിനോദസഞ്ചാര മേഖലയ്ക്കും ഈ ഉൽപ്പന്നം ഏറെ ഗുണകരമായിരിക്കും.സംസ്ഥാന സർക്കാരിന്റെ ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കുപ്പിവെള്ള നിർമ്മാണ യൂണിറ്റാണ് ഹില്ലി അക്വ.

## ദിശ മേഖലാ തൊഴിൽമേള : 167 പേർക്ക് മികച്ച കമ്പനികളിൽ ജോലി ലഭിച്ചു

### 349 പേർ ചുരുക്കപ്പട്ടികയിൽ

പട്ടികജാതി പട്ടികവർഗ വകുപ്പും തിരുവനന്തപുരം ജില്ലാ പഞ്ചായത്തും നെടുമങ്ങാട് നഗരസഭയും ഉന്നതി വിജ്ഞാനകേരളവും സംയുക്തമായി പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകർക്കായി സംഘടിപ്പിച്ച ദിശ 2026 മേഖലാ തൊഴിൽമേളയിൽ 167 പേർക്ക് നിയമനം ലഭിച്ചു. 349 പേർ ചുരുക്കപ്പട്ടികയിൽ ഇടം നേടി. നെടുമങ്ങാട് ടൗൺ ഹാളിൽ നടന്ന തൊഴിൽമേള പട്ടികജാതി പട്ടിക വർഗ വകുപ്പ് മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്തു. 38 പ്രമുഖ കമ്പനികൾ തൊഴിൽ ദാതാക്കളായി എത്തിയ തൊഴിൽമേളയിൽ പങ്കെടുത്ത 505 പേരും പട്ടികജാതി – പട്ടികവർഗ–ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണ്. നോളെജ് ഇക്കോണമി മിഷന്റെ വെബ്സൈറ്റ് ആയ ഡി ഡബ്ല്യു എം എസിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളാണ് തൊഴിൽ മേളയിൽപങ്കെടുത്തത്. രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗാർത്ഥികൾക്കായി സ്പോട്ട് രജിസ്ട്രേഷൻ സംവിധാനവും ഒരുക്കിയിരുന്നു.ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ദിശ 2006 എന്ന പേരിൽ തിരുവനന്തപുരം ജില്ലയിൽ നാല് മേഖല തൊഴിൽമേളകളാണ് സംഘടിപ്പിക്കുന്നത്.

ആദ്യതൊഴിൽമേള പൂജപ്പുര എൽബിഎസിൽ നടന്നു. പട്ടികജാതി – പട്ടികവർഗ വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികൾക്കായുള്ള തൊഴിൽമേളയാണ് നെടുമങ്ങാട് സംഘടിപ്പിച്ചത്. തൊഴിലന്വേഷകർക്ക് നൈപുണ്യപരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി–പട്ടികവർഗ വകുപ്പുകളുടെ നേതൃത്വത്തിലും ഉന്നതി പദ്ധതിയുടെ ഭാഗമായും സ്കില്ലിങ്, ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് പരിപാടികൾ ജില്ലയിൽ സംഘടിപ്പിച്ചുവരികയാണ്. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ ബൈജുകുമാർ അധ്യക്ഷനായ പരിപാടിയിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റി ചെയർമാൻ അഡ്വ.ആർ ജയദേവൻ, വൈസ് ചെയർപേഴ്സൺ അഡ്വ. ലക്ഷ്മി സുരാജ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ലിസി വിജയൻ, ശ്രീകേഷ് എം, എസ് എസ് ബിജു, സബീന ബീവി, സി സാബു, വിജ്ഞാനകേരളം ഡിഎംസി പി വി ജിൻരാജ്, കുടുംബശ്രീ ഡിപിഎം മുഹമ്മദ് സാജിദ്, സി ഡി എസ് ചെയർപേഴ്സൺമാരായ ആതിര ശിവൻ, സിന്ധു കമാരി, സിന്ധു മനോഹർ, മറ്റ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തിയ 2025 നവംബറിലെ ഡിപ്ലോമ പരീക്ഷകളുടെ പുനർ മൂല്യ നിർണയത്തിന്റെ ഫലം www.sbte.kerala.gov.in ൽപ്രസിദ്ധീകരിച്ചു.

# പരിസ്ഥിതി കാഴ്ചകളുമായി ഹരിതകേരളം മിഷൻ സമ്മേളന നഗരി;ജനശ്രദ്ധയാകർഷിച്ച് പ്രദർശന സ്റ്റാളുകൾ

ദേശീയ പരിസ്ഥിതി സമ്മേളനത്തിന് വേദിയാകുന്ന കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്റർ പരിസ്ഥിതി സൗഹൃദ കാഴ്ചകളുടെയും വേറിട്ട വിഭവങ്ങളുടെയും സംഗമഭൂമിയാകുന്നു. ഹരിതകേരളം മിഷൻ കഴിഞ്ഞ പത്തുവർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയൊരുക്കുന്ന പ്രദർശന–വിപണന സ്റ്റാളുകൾ സന്ദർശകരുടെ തിരക്കുകൊണ്ട് ശ്രദ്ധേയമാവുകയാണ്. പാരിസ്ഥിതിക മേഖലയിലെ അത്യാധുനിക സാങ്കേതിക വിദ്യകളും നവിഭവങ്ങളും സമന്വയിപ്പിച്ചാണ് എക്സിബിഷൻ ഒരുക്കിയിരിക്കുന്നത്.

രണ്ട് പതിറ്റാണ്ടിന് ശേഷം തിരുവനന്തപുരം പിരപ്പമൺകാട് പാടശേഖരത്തിൽ പുനരാരംഭിച്ച കൃഷിയിലൂടെ വിളയിച്ചെടുത്ത 'പിരപ്പമൺകാട് അരിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുമാണ്' പ്രദർശനത്തിലെ പ്രധാന താരം. ഇടുക്കി കട്ടമുടി വനമേഖലയിൽ നിന്നുള്ള നിന്നുള്ള ബ്രാൻഡഡ് അരിയും വിപണനത്തിനുണ്ട്. മറയൂർ ട്രൈബൽ സൊസൈറ്റിയുടെ മറയൂർ ശർക്കര, കാട്ടുതേൻ തുടങ്ങിയ വനവിഭവങ്ങൾ വാങ്ങാനും വൻ തിരക്കാണ് അനുഭവപ്പെടുന്നത്. പ്ലാസ്റ്റിക്കിന് ബദലായി എറണാകുളം ഭൂമിസ്ത്രീ കൂട്ടായ്മ ഒരുക്കിയ പാഴ്ത്തുണി മൂല്യ വർധിത ഉൽപ്പന്നങ്ങളും തുണി ബാഗുകളും സന്ദർശകർക്ക് ഏറെ പ്രിയപ്പെട്ടതായിരിക്കുന്നു.വിനോദവും അറിവും സമന്വയിപ്പിക്കുന്ന വിആർ (Virtual Reality) ഷോകളാണ് പ്രദർശനത്തിന്റെ മറ്റൊരു പ്രത്യേകത. ഇടുക്കി ഡാമിന്റെയും പവർഹൗസിന്റെയും ദൃശ്യാനുഭവം നൽകുന്ന കെ.എസ്.ഇ.ബി.യുടെ വിആർ ഷോയും, നെയ്യാർ -മലമ്പുഴ ഡാമുകളുടെ വിശേഷങ്ങൾ പങ്കുവെക്കുന്ന ജലസേചന വകുപ്പിന്റെ വിആർ ഷോയും സന്ദർശകർക്ക് പുതിയ അനുഭവമാകുന്നു. ഭൂഗർഭ ജല വകുപ്പിന്റെ സേവനങ്ങൾ, ഡബ്ല്യു.ആർ.ഐ (WRI) ഇന്ത്യയുടെ ഹരിതോർജ്ജ പവലിയൻ, ടൈറ്റാനിയത്തിന്റെ ഹരിത സൗഹൃദ സ്ഥാപന മാതൃകകൾ എന്നിവയും ശ്രദ്ധേയമാണ്. കെ.എസ്.ആർ.ടി.സി. ഒരുക്കിയ ലിങ്ക് ബസ്സിന്റെ ഫോട്ടോ പോയിന്റിൽ തിരക്ക് ഏറുകയാണ്.

മലിനജല ശുദ്ധീകരണത്തിനുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ, സാനിറ്ററി വെൻഡിംഗ് മെഷീനുകൾ, മലിനീകരണ തോത് അളക്കുന്ന സംവിധാനങ്ങൾ എന്നിവയെല്ലാം ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. വീട്ടിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ സൗജന്യമായി നന്നാക്കി നൽകുന്ന വടകര ഹരിത കർമ്മസേനയുടെ ഹെൽപ്പ് ഡെസ്കും ഡബ്ലിയുആർഐ ഇന്ത്യയുടെ ഹരിതോർജ്ജ പവലിയനും പ്രദർശനത്തിന് മിഴിവേറ്റുന്നു. പൊതുജനങ്ങൾക്ക് ഈ കാഴ്ചകൾ കാണാനുള്ള പ്രവേശനം സൗജന്യമാണ്.പ്രദർശനം 25ന്സമാപിക്കും.

# കാൻസർ ചികിത്സയിലെ എഐ വിപ്ലവം: ഇന്ത്യ എഐ സമ്മിറ്റ് 2026–ൽ എംസിസിക്ക് അഭിമാന നേട്ടം

### രാജ്യത്തെ 10 സ്ഥാപനങ്ങളിൽ ഇടം പിടിച്ച് എഐ ഓങ്കോളജി ഏജന്റ്

എഐ ഉപയോഗിച്ച് കാൻസർ ചികിത്സാ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ലക്ഷ്യമിടുന്ന രാജ്യത്തെ മികച്ച പദ്ധതികളിൽ ഇടംപിടിച്ച് മലബാർ കാൻസർ സെന്ററും. 'ഇന്ത്യ എഐ നാഷണൽ കാൻസർ ഗ്രിഡ് (NCG) കൊയ്ത സെന്റർ ഫോർ ഡിജിറ്റൽ ഓങ്കോളജി (KCDO)' സംയുക്തമായി ഏർപ്പെടുത്തിയ ക്യാച്ച് ഗ്രാന്റ് 2026ലാണ് എംസിസി ഇടം പിടിച്ചത്. ആരോഗ്യ രംഗത്തെ എഐ മുന്നേറ്റത്തിന് കരുത്ത് പകരുന്ന എംസിസിയിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

എംസിസിയുടെ ഇൻകുബേഷൻ സെന്ററായ മിന്റും (MIINT - Malabar Cancer Centre Incubation Innovation Nest) സഹകരിച്ച് പ്രവർത്തിക്കുന്ന വെല്ലിറ്റികസും കൂടി അവതരിപ്പിച്ച പദ്ധതി രാജ്യത്തെ ആദ്യ 10 സ്ഥാനങ്ങളിൽ ഇടംപിടിച്ചു. 'AI Oncology Agent for Evidence-based Summaries, Guideline Support, and Clinical Trial Matching' എന്ന പദ്ധതി ദേശീയ ശ്രദ്ധ നേടി. രോഗികളുടെ ചികിത്സാ വിവരങ്ങൾ വേഗത്തിൽ വിശകലനം ചെയ്യാനും ഡോക്ടർമാർക്ക് കൃത്യമായ തീരുമാനങ്ങൾ എടുക്കാനും സഹായിക്കുന്ന ഒന്നാണ് എഐ ഓങ്കോളജി ഏജന്റ്.

മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് ഡോക്ടർ അസിസ്റ്റ് എഐ അവതരിപ്പിച്ച 'AI Tools for Advancing Value-Based Care in Oncology' എന്ന പദ്ധതിയും മികച്ച നേട്ടം കൈവരിച്ചു. രാജ്യത്തെ മികച്ച 35 പദ്ധതികളുടെ പട്ടികയിലാണ് ഈ സംരംഭം ഇടംപിടിച്ചത്. കുറഞ്ഞ ചെലവിൽ മികച്ച ചികിത്സാഫലം ഉറപ്പാക്കുന്ന 'വാല്യൂ ബേസ്ഡ് കെയർ' എന്ന ലക്ഷ്യത്തിലാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്.

മെഡ്ടെക് സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിനായി എംസിസിയിൽ സജ്ജീകരിച്ചിട്ടുള്ള ഇൻകുബേഷൻ സംവിധാനമാണ് 'മിന്റ്'. 2025–ൽ സ്ഥാപിതമായ മിന്റ് ആരോഗ്യ മേഖലയിലെ നൂതന ആശയങ്ങളെ പ്രായോഗിക ചികിത്സാ രീതികളുമായി ബന്ധിപ്പിക്കുന്ന ഒരു സുപ്രധാന പാലമായി പ്രവർത്തിക്കുന്നു.

ക്ലിനിക്കൽ മെന്റർഷിപ്പ്, പ്രായോഗികമായ ക്ലിനിക്കൽ വാലിഡേഷൻ, ആരോഗ്യ മേഖലയിലെ പ്രശ്നപരിഹാരത്തിനുള്ള മാർഗനിർദ്ദേശങ്ങൾ എന്നിവ ഈ സ്ഥാപനം ഉറപ്പാക്കുന്നു. നിലവിൽ, ആരോഗ്യ രംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഏഴ് സ്റ്റാർട്ടപ്പുകൾ മിന്റിന് കീഴിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നു.

മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബി., വെല്ലിറ്റിക്സ് ഡയറക്ടർ ഡോ. ധീരജ് ബി. എന്നിവർ ചേർന്ന് ഐ.സി.എം.ആർ ഡയറക്ടർ ജനറൽ ഡോ. രാജീവ് ബാൽ, ഐ.ടി സെക്രട്ടറി മിസ്റ്റർ കൃഷ്ണൻ എന്നിവരിൽ നിന്നും ഡൽഹി ഭാരത് മണ്ഡപത്തിൽ വെച്ച് ഗ്രാന്റ് ഏറ്റുവാങ്ങി.

പദ്ധതികളുടെ മെന്റർമാരായി പ്രവർത്തിക്കുന്ന എംസിസിയിലെ ഫാക്കൽറ്റികളായ ഡോ. ദീപക് റോഷൻ, ഡോ. പ്രവീൺ കുമാർ ഷേണായ് വി.പി, ഡോ. ഗീത എം. എന്നിവരും അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു.

# യുവജനങ്ങളിലെ ജീവിതശൈലീമാറ്റങ്ങളും മാനസികക്ഷേമവും; ശാസ്ത്രീയ പഠനറിപ്പോർട്ട് യുവജന കമ്മീഷൻ മുഖ്യമന്ത്രിക്ക് കൈമാറി

കേരളത്തിലെ പൊതുമണ്ഡലത്തിലും സാമൂഹ്യജീവിതത്തിലും യുവജനങ്ങൾ നേരിടുന്ന സംഘർഷങ്ങളെപ്പറ്റി ശാസ്ത്രീയമായി പഠിക്കുക എന്ന ലക്ഷ്യത്തോടെ 'സമകാലിക യുവജനങ്ങളുടെ ജീവിതശൈലി മാറ്റങ്ങളും മാനസിക ക്ഷേമവും' എന്ന വിഷയത്തിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകൾ റിപ്പോർട്ടായി സർക്കാരിലേക്ക് സമർപ്പിച്ചു.

യുവജന കമ്മീഷൻ ചെയർപേഴ്സൺ എം. ഷാജർ മുഖ്യമന്ത്രി പിണറായി വിജയന് പഠന റിപ്പോർട്ട് കൈമാറി. കമ്മീഷൻ അംഗം വി. എ. വിനീഷ്, കമ്മീഷൻ സെക്രട്ടറി ദീപാ സുരേന്ദ്രൻ, പഠനസമിതി ചെയർപേഴ്സൺ ഡോ. ലിമ രാജ് (പ്രോജക്ട് ഡയറക്ടർ, സോഷ്യൽ ന്യൂറോ സയൻസ്,സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത് (CENABH),കുസാറ്റ്), പഠനസമിതി അംഗം ഡാലിയ ആർ ചന്ദ്രൻ (അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യൽ വർക്ക്, സോഷ്യോളജി വിഭാഗം കേരള സർവകലാശാല) യുവജന കമ്മീഷൻ സംസ്ഥാന കോഡിനേറ്റർ അഡ്വ. എം. രൺദീഷ്, സിനു സീനത്ത് എന്നിവർ പങ്കെടുത്തു.

കേരളത്തിലെ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കാൻ അവരെ പ്രാപ്തരാക്കാനാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ ശാസ്ത്രീയ പഠനം നടത്തിയതെന്നും പഠനത്തിന്റെ കണ്ടെത്തലുകൾ യുവജനങ്ങളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും കൂടുതൽ പ്രാധാന്യം നൽകുന്നതിനായുള്ള നയരൂപീകരണ ശിപാർശകളായാണ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചതെന്നും യുവജന കമ്മീഷൻ ചെയർപേഴ്സൺ എം. ഷാജർ പറഞ്ഞു. യുവജനങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലിയെയും അവരുടെ ക്ഷേമത്തെയും കുറിച്ച് മനസ്സിലാക്കുക എന്നതാണ് ഈ പഠനത്തിന്റെ പ്രാഥമിക ലക്ഷ്യമെന്നും ഡിജിറ്റൽ ഇടപെടലുകൾ, സാമൂഹിക ബന്ധങ്ങളെക്കുറിച്ചുള്ള മാറിക്കൊണ്ടിരിക്കുന്ന കാഴ്ചപ്പാടുകൾ, പെരുമാറ്റ രീതികൾ, ഭക്ഷണരീതികൾ, ഉപഭോഗ രീതികൾ, ഉദാസീനമായ ജീവിതശൈലിയുടെ (Sedentary lifestyle) പ്രത്യാഘാതങ്ങൾ എന്നിവയാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ചെയർപേഴ്സൺ കൂട്ടിച്ചേർത്തു. 18–25 പ്രായപരിധിയിലുള്ള 1969 യുവജനങ്ങൾ സർവേയിൽ പങ്കെടുത്തു.

മാനസികാരോഗ്യ വിദഗ്ധരുടെയും അനുബന്ധ വിഷയത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരുടെയും നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിലെ എംഎസ്ഡബ്ല്യൂ, എംഎസ്സി സൈക്കോളജി വിദ്യാർത്ഥികളുടെ സഹകരണത്തോടെയായിരുന്നു പഠനം. യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന മൂന്നാമത്തെ ശാസ്ത്രീയ പഠന റിപ്പോർട്ടാണിത്.

മുൻവർഷങ്ങളിൽ യുവജനങ്ങളിലെ ആത്മഹത്യ പ്രവണ, യുവജനങ്ങൾക്കിടയിൽ വർദ്ധിക്കുന്ന ജോലി സമ്മർദ്ദം എന്നിവ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ വിപുലമായ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള ഒരുക്കത്തിലാണ് കമ്മീഷൻ. മാർച്ച് 5,6 തീയതികളിൽ തിരുവനന്തപുരം, കഴക്കൂട്ടം ടെക്നോപാർക്കിൽ വെച്ച് 'യൂത്ത് വെൽബീയിങ് ആൻഡ് ലൈഫ് സ്റ്റൈൽ ട്രാൻസ്ഫർമേഷൻസ്: എമർജിങ് ട്രെൻഡ്സ്, പ്രൊസ്പെക്ട്സ്, ആൻഡ് ചലഞ്ചസ്' എന്ന വിഷയത്തിൽ ദേശീയ സെമിനാറും സംഘടിപ്പിക്കും.

## ന്യൂനമർദവും ചക്രവാതച്ചുഴിയും; ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിയോടുകൂടി മഴയെത്തും

തിരുവനന്തപുരം: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ബുധനാഴ്ചയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിന് മുകളിലായി സ്ഥിതിചെയ്യുന്ന ന്യൂനമർദം കിഴക്ക് ദിശയിൽ സഞ്ചരിച്ച് അടുത്ത 24 മണിക്കൂറിനുള്ളിൽ ക്രമേണ ദുർബലമാകാൻ സാധ്യതയുണ്ട്. തെക്കൻ കേരള തീരത്തിന് സമീപം തെക്കുകിഴക്കൻ അറബിക്കടലിന് മുകളിലായി ചക്രവാതച്ചുഴിയും സ്ഥിതിചെയ്യുന്നു. ഇതിൻറെ സ്വാധീനഫലമായി ഇന്നു മുതൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ നേരിയ /ഇടത്തരം മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

അതേസമയം, കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, തെക്കുപടിഞ്ഞാറൻ – മധ്യ പടിഞ്ഞാറൻ– മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടലിനോട് ചേർന്ന ഭാഗങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്നും മുന്നറിയിപ്പിൽ പറയുന്നു.

# നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം: പൊതുമുതൽ നശിപ്പിച്ചാൽ കർശന നടപടികളുണ്ടാകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

2026ലെ കേരള നിയമസഭാ പൊതുതിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പൊതുമുതൽ നശിപ്പിക്കുന്നതിനും റോഡുകൾ വികൃതമാക്കുന്നതിനുമെതിരെ കർശന താക്കീതുമായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. കേൽകർ. ഇലക്ഷൻ (ജനറൽ) വകുപ്പ് പുറപ്പെടുവിച്ച (നം-ഇ.എൽ.4/47/2026ഇലക്ഷൻ) സർക്കുലർ പ്രകാരം, പ്രചാരണ രംഗത്തെ തെറ്റായ പ്രവണതകൾ ഒഴിവാക്കാൻ സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങളാണ് പുറത്തിറക്കിയിരിക്കുന്നത്.

ഫെബ്രുവരി 25ന് പുറപ്പെടുവിച്ച ഈ ഉത്തരവ് പ്രകാരം, പൊതുവഴികളിലും സർക്കാർ സംവിധാനങ്ങളിലും ചിഹ്നങ്ങൾ വരയ്ക്കുന്നതും പോസ്റ്ററുകൾ പതിപ്പിക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മിഷൻ പ്രസിദ്ധീകരിച്ച 'Manual on Model Code of Conduct'þ-sâ 12, 16 അദ്ധ്യായങ്ങളിലെ നിർദ്ദേശങ്ങളും, 2022 ഒക്ടോബർ 11-ലെ 437/6/ECI/INST/FUNCT/MCC/2022 നമ്പർ നിർദ്ദേശവും മുൻനിർത്തിയാണ് നടപടികൾ പ്രഖ്യാപിച്ചിരിക്കുന്നത്. 2026ലെ നിയമസഭാ തിരഞ്ഞെടുപ്പ് തികച്ചും മാതൃകാപരമായ രീതിയിൽ നടത്തുന്നതിന് വിവിധ സർക്കാർ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും ഏകോപിതമായ പ്രവർത്തനങ്ങൾക്ക് പുറമേ, രാഷ്ട്രീയ പാർട്ടികളുടേയും പൊതുജനങ്ങളുടേയും പൂർണ്ണമായ സഹകരണം അത്യാവശ്യമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

തിരഞ്ഞെടുപ്പ് സമയങ്ങളിൽ റോഡുകളിൽ വലിയ രീതിയിൽ ചിഹ്നങ്ങളും അടയാളങ്ങളും വരച്ച് വൃത്തികേടാക്കുന്നത് പതിവാണെന്നും, ഇത് പൊതുജനങ്ങളുടെ സുഗമമായ യാത്രയ്ക്കും ഗതാഗതത്തിനും വലിയ തടസ്സമുണ്ടാക്കുന്നുവെന്നും സർക്കുലറിൽ ചൂണ്ടിക്കാട്ടുന്നു. പൊതുപണം ഉപയോഗിച്ച് മികച്ച നിലവാരത്തിൽ നിർമ്മിച്ച റോഡുകളിലാണ് ഇത്തരം നിരുത്തരവാദപരമായ പ്രവർത്തികൾ നടക്കുന്നത്. മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമായി കണക്കാക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടിയുണ്ടാകും. സർക്കാർ കെട്ടിടങ്ങൾ, അവയുടെ പരിസരങ്ങൾ, പാലങ്ങൾ തുടങ്ങിയ സിവിൽ നിർമ്മിതികളിൽ ചുവരെഴുതുന്നതോ, പോസ്റ്ററുകളും പേപ്പറുകളും പതിപ്പിക്കുന്നതോ, മറ്റേതെങ്കിലും തരത്തിൽ വികൃതമാക്കുന്നതോ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. കട്ടൗട്ടുകൾ, ഹോർഡിംഗുകൾ, ബാനറുകൾ, കൊടികൾ തുടങ്ങിയവ ഇത്തരം ഇടങ്ങളിൽ സ്ഥാപിക്കുന്നതിനും അനുമതിയില്ല.

റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ ഡിസ്പെൻസറികൾ, ആശുപത്രികൾ, പോസ്റ്റ് ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, വിമാനത്താവളങ്ങൾ, റെയിൽവേ ഫ്ലൈഓവറുകൾ, സർക്കാർ റോഡുകൾ, സർക്കാർ-പൊതു കെട്ടിടങ്ങൾ, ബസ്സുകൾ, ഇലക്ട്രിക്-ടെലിഫോൺ പോസ്റ്റുകൾ, മുനിസിപ്പൽ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ തുടങ്ങി എല്ലാ പൊതുസ്ഥലങ്ങളെയും പൊതു സ്വത്തുക്കളെയും രാഷ്ട്രീയ പരസ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തിരഞ്ഞെടുപ്പ് കമ്മീഷൻ കർശനമായി വിലക്കിയിട്ടുണ്ട്. ഇത്തരം ഇടങ്ങളിൽ പ്രചാരണ സാമഗ്രികൾ സ്ഥാപിക്കുന്നത് നിയമലംഘനമായി കണക്കാക്കും.

നിലവിലുള്ള പ്രാദേശിക നിയമങ്ങളോ കമ്മീഷന്റെ നിർദ്ദേശങ്ങളോ ലംഘിച്ചുകൊണ്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ അസോസിയേഷനോ സ്ഥാനാർത്ഥിയോ വ്യക്തിയോ പൊതുസ്വത്ത് വികൃതമാക്കിയാൽ, അവ ഉടൻ നീക്കം ചെയ്യാൻ വരണാധികാരി (Returning Officer) അല്ലെങ്കിൽ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകണം. രാഷ്ട്രീയ പാർട്ടിയോ സ്ഥാനാർത്ഥിയോ ഇതിനോട് ഉടനടി പ്രതികരിക്കാത്ത പക്ഷം, ജില്ലാ ഭരണകൂടത്തിന് നേരിട്ട് ഇടപെട്ട് ഇവ നീക്കം ചെയ്യാവുന്നതാണ്. എന്നാൽ ഇതിനായി വരുന്ന മുഴുവൻ ചെലവുകളും ഉത്തരവാദിയായ രാഷ്ട്രീയ പാർട്ടിയോ സ്ഥാനാർത്ഥിയോ വഹിക്കേണ്ടി വരും. ഈ തുക ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് കൂട്ടിച്ചേർക്കുമെന്നും ഉത്തരവിൽ പറയുന്നു.

കൂടാതെ, പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതിനുള്ള നിയമങ്ങൾ പ്രകാരമോ (Under the law relating to prevention of defacement) മറ്റുള്ളവരുടെ സ്വത്തിന് മനപ്പൂർവ്വം നാശനഷ്ടങ്ങൾ വരുത്തുന്നതിനുള്ള പൊതു നിയമപ്രകാരമോ കുറ്റക്കാർക്കെതിരെ കൃത്യമായ നിയമനടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 2026 നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് പൊതുറോഡുകളിൽ ചിഹ്നങ്ങൾ വരയ്ക്കുന്നതോ, വസ്തുക്കൾ തറയ്ക്കുന്നതോ, പോസ്റ്ററുകൾ പതിപ്പിക്കുന്നതോ ആയ എല്ലാത്തരം പ്രവർത്തികളിൽ നിന്നും രാഷ്ട്രീയ പാർട്ടികളും വ്യക്തികളും വിട്ടുനിൽക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ കർശന നിർദ്ദേശം നൽകി. ഇത്തരം ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് വരണാധികാരികളും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ നടപടികൾ ഉറപ്പാക്കണമെന്നും ഡോ. രത്തൻ യു. കേൽകർ അറിയിച്ചു.

# സംസ്ഥാനത്തെ ആദ്യ 'അസിസ്റ്റീവ് വില്ലേജ് മലപ്പുറത്ത് ഉയരും, തറക്കല്ലിടൽ വ്യാഴാഴ്ച

ഭിന്നശേഷി കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും ഭാവി ആശങ്കകൾക്ക് പരിഹാരമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത രാജ്യത്തെ ആദ്യ മാതൃകാ അസിസ്റ്റീവ് വില്ലേജിന് (സംയോജിത പുനരധിവാസ ഗ്രാമം) മലപ്പുറം ജില്ലയിലെ തിരൂരിൽ തുടക്കമാകുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ഒന്നിച്ച് താമസിക്കാനും എല്ലാവിധ പിന്തുണയും ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ ശിലാസ്ഥാപനം (ഫെബ്രുവരി 26) വ്യാഴാഴ്ച വൈകുന്നേരം 4 ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിക്കും.

തിരൂർ താലൂക്കിലെ കുറുമ്പത്തോർ വില്ലേജിൽ ആതവനാട് പുത്തനത്താണി ചുങ്കം പ്രദേശത്തെ പാലക്കാട്ട് പറമ്പിലുള്ള അഞ്ചേക്കർ ഭൂമിയിലാണ് ഈ ബൃഹദ് പദ്ധതി യാഥാർത്ഥ്യമാകുന്നത്. കേരളത്തിൽ ഏറ്റവുമധികം ഭിന്നശേഷിക്കാരുള്ള ജില്ല എന്ന പരിഗണനയിലാണ് മലപ്പുറത്തെ ആദ്യ ഗ്രാമത്തിനായി തിരഞ്ഞെടുത്തത്. എൻഡോസൾഫാൻ ദുരന്തബാധിതർക്കായി കാസർഗോഡ് നടപ്പിലാക്കിയ സ്നേഹഗ്രാമം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായതിന് പിന്നാലെയാണ് സംസ്ഥാനത്തെ മൂന്ന് മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായി മലപ്പുറത്ത് ആദ്യത്തേതിന് തുടക്കമാകുന്നതെന്ന് സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി ഡോ. ആർ. ബിന്ദു അറിയിച്ചു.

65.48 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി കോസ്റ്റ് ഫോർഡിന്റെ സഹായത്തോടെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള അസിസ്റ്റീവ് ലിവിംഗ് ഹോമുകൾക്ക് പുറമെ നിഷിന്റെ എക്സ്റ്റൻഷൻ സെന്ററും ഇവിടെ പ്രവർത്തിക്കും. ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹിക ഉൾച്ചേർക്കൽ ലക്ഷ്യമിട്ട് വൈകല്യങ്ങൾ നേരത്തേ കണ്ടെത്തി ഇടപെടൽ നടത്തുന്നതിനുള്ള സൗകര്യങ്ങളും സ്പെഷ്യൽ സ്കൂൾ, തെറാപ്പി, കൗൺസിലിംഗ് സംവിധാനങ്ങളും തൊഴിൽ പരിശീലനത്തിനും തൊഴിൽ നൈപുണ്യ വികസനത്തിനുമുള്ള കേന്ദ്രങ്ങളും ഇവിടെ ഒരുക്കും. പകൽ പരിചരണ കേന്ദ്രങ്ങളും കളിക്കളങ്ങളും സജ്ജമാക്കുന്നതിനു പുറമേ രക്ഷാകർതൃ ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കും. മാതാപിതാക്കളുടെ അഭാവത്തിൽ കുട്ടികൾക്കുള്ള സംരക്ഷണവും ഒരുക്കും.

പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണത്തിനായി അഞ്ച് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. അഡ്മിനിസ്ട്രേറ്റീവ് &വൊക്കേഷണൽ ട്രെയിനിംഗ് ബ്ലോക്ക്, ഡേ കെയർ സെന്റർ, ഹോർട്ടികൾച്ചർ ഏരിയ, റോഡ് നിർമ്മാണം എന്നിവയാണ് ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കുക. തുടർന്നുള്ള പ്രവർത്തനങ്ങൾക്കായി നബാർഡ് (ചഅആഅഞഉ ഞകഉഎ) സഹായം ലഭ്യമാക്കാനുള്ള നടപടികളും പുരോഗമിക്കുന്നു.

ശിലാസ്ഥാപന ചടങ്ങിനോടൊപ്പം സാമൂഹ്യനീതി വകുപ്പിന്റെ 'സഹജീവനം സഹായകേന്ദ്രം' പ്രഖ്യാപനവും മന്ത്രി നിർവ്വഹിക്കും. ഈ സംരംഭം കൂടി യാഥാർത്ഥ്യമാകുന്നതോടെ ഭിന്നശേഷി പുനരധിവാസ-ശാക്തീകരണ മേഖലയിൽ സംസ്ഥാനത്തെ ഏറ്റവും വിപുലമായ പ്രവർത്തനങ്ങൾ നടക്കുന്ന ജില്ലയായി മലപ്പുറം മാറുമെന്ന് മന്ത്രി പറഞ്ഞു.

# സ്വകാര്യ വിവരങ്ങൾ എങ്ങനെ കിട്ടി ഇനി ജീവനക്കാർക്ക് സന്ദേശം അയയ്ക്കരുത്: രൂക്ഷവിമർശനവുമായി ഹൈക്കോടതി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് ജീവനക്കാർക്ക് സന്ദേശം ലഭിച്ചതിനെ തുടർന്നുണ്ടായ വിവാദത്തിൽ, രൂക്ഷ വിമർശനവുമായി ഹൈക്കോടതി. സ്വകാര്യ വിവരങ്ങൾ മുഖ്യമന്ത്രിക്ക് എങ്ങനെ കിട്ടിയെന്ന് ചോദിച്ച കോടതി ഇനി കൂടുതൽ സന്ദേശങ്ങൾ അയക്കരുതെന്ന് നിർദേശിച്ചു.

മുഖ്യമന്ത്രിയുടെ ഓഫീസിന് എങ്ങനെ സ്പാർക്കിലെ വിവരങ്ങൾ ലഭിച്ചു ജീവനക്കാരുടെ വിവരങ്ങൾ പുറത്തുവിടരുതെന്നാണ് സുപ്രീം കോടതി വിധിയെന്ന് കോടതി ചൂണ്ടിക്കാട്ടി. വ്യക്തിഗത വിവരങ്ങൾക്ക് എന്ത് സുരക്ഷയുണ്ടെന്നും ഏതൊരാൾക്കും വിവരങ്ങൾ ലഭിക്കുമോയെന്നും കോടതി ചോദിച്ചു.

സർക്കാർ നടപടി പ്രഥമ ദൃഷ്ട്യാ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ്. ആളുകൾക്ക് ആവശ്യമില്ലാത്ത വിവരങ്ങളാണ് സർക്കാർ പ്രചരിപ്പിക്കുന്നത്. വിഷയത്തിൽ ഉയർന്ന ആക്ഷേപം അതീവ ഗൗരവതരമാണെന്നും പറഞ്ഞ ഹൈക്കോടതി ഓഫീസിൽ നിന്ന് ഓരോ വ്യക്തിക്കും എത്ര സന്ദേശങ്ങൾ അയച്ചുവെന്ന വിവരം വിശദമാക്കി സത്യവാംഗ്മൂലം നൽകാൻ സർക്കാരിന് നിർദേശം നൽകി. വെള്ളിയാഴ്ച ഹൈക്കോടതി കേസ് വീണ്ടും പരിഗണിക്കും.

ഇത് മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്തതാണോ അതോ മറ്റാരെങ്കിലുമാണോ ഈ വിവരം ചോർത്തിയത് എന്നതടക്കമുള്ള ചോദ്യങ്ങളാണ് കോടതിയുടെ ഭാഗത്തു നിന്നും ഉണ്ടായത്. സ്പാർക്ക് സോഫ്റ്റ്വെയറിൽ ആനുകൂല്യങ്ങൾ നൽകുന്നതിനും ശമ്പളത്തിൻറെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ടാണ് ജീവനക്കാരുടെ ഫോൺ നമ്പറും മെയിൽ ഐഡിയും വാങ്ങിയിരുന്നത്. 73 ലക്ഷത്തോളം സർക്കാർ ജീവനക്കാരുടെയും ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങളാണ് ശേഖരിച്ചത്. ഈ വിവരങ്ങൾ ഉപയോഗിച്ചാണ് മുഖ്യമന്ത്രിയുടെ ഓഫീസ്, മുഖ്യമന്ത്രിയുടെ പേര് പരാമർശിച്ചു കൊണ്ട് സർക്കാരിന്റെ വികസന നേട്ടങ്ങൾ സന്ദേശങ്ങളായി അയച്ചത്.

അതേസമയം, പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് സമാനസന്ദേശങ്ങൾ ലഭിക്കാറുണ്ടെന്നായിരുന്നു സർക്കാരിൻറെ വാദം. കേസ് വീണ്ടും പരിഗണിക്കുന്നത് വരെ സന്ദേശങ്ങൾ പ്രചരിപ്പിക്കില്ലെന്ന് സർക്കാർ അഭിഭാഷകൻ കോടതിയിൽ അറിയിച്ചു.

# മനുഷ്യത്വം മറക്കാതെ പോളണ്ടിലെ ആ പാർക്ക് ഇന്ത്യൻ രാജാവിൻെറ പേരിൽ!

യുദ്ധത്തിൻറെ കെടുതികൾ, ഏറ്റവും തീവ്രമായി അനുഭവിക്കുന്നതു കുട്ടികളും സ്ത്രീകളുമാണ്. അനാഥത്വത്തിൻറെ മഹായാനങ്ങളിൽ എരിഞ്ഞുനീറിയത് എത്രയോ നരജന്മങ്ങൾ. തങ്ങൾ ചെയ്ത കുറ്റം എന്തെന്നു പോലും അറിയാത്ത ജീവിതങ്ങൾ. ചരിത്രം ജയിച്ച രാജാവിൻറെ മാത്രമല്ല, തോറ്റ പ്രജകളുടെയും കൂടിയാണെന്ന് കാലം ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ആ കൊച്ചു നാട്ടുരാജ്യം

രണ്ടാം ലോകമഹായുദ്ധത്തിൻറെ കൊടുംഭീകരതയിൽ ലോകം വിറങ്ങലിച്ചു നിൽക്കുന്ന കാലം. നാസിപ്പടയുടെ അധിനിവേശവും സോവിയറ്റ് യൂണിയനിലെ ഗുലാഗ് എന്ന കൊടിയ പീഡനങ്ങൾ അരങ്ങേറിയ തടങ്കൽ പാളയങ്ങളും തകർത്തുകളഞ്ഞ ആയിരക്കണക്കിന് പോളിഷ് ജീവിതങ്ങൾ.

അവരിൽ ചിലർ ഇന്ത്യയുടെ മക്കളായി, ഇന്ത്യയിലെ കൊച്ചു നാട്ടുരാജ്യമായിരുന്നു. നവാനഗറിലെ (ഇപ്പോൾ ജാംനഗർ) മഹാരാജാവ് ജാം സാഹിബ് ദിഗ്‌വിജയ്സിംഗ്ജി അവരെ ഏറ്റെടുത്തു. അവരെ സ്വന്തം മക്കളെപ്പോലെ സംരക്ഷിച്ചു. ചരിത്രം, അദ്ദേഹത്തെ നന്മയുടെ മഹാരാജാവ്- എന്നു രേഖപ്പെടുത്തി. മാനവികതയുടെ സമാനതകളില്ലാത്ത ചരിത്രമാണ് നവാനഗറിൻറെ സ്വന്തം മഹാരാജാവിൻറേത്.

1941ലെ സിക്കോർസ്കി-മെയ്സ്കി കരാറിനെത്തുടർന്ന് സോവിയറ്റ് യൂണിയനിലെ ഗുലാഗുകളിൽനിന്നും മറ്റു തടങ്കൽപ്പാളയങ്ങളിൽനിന്നും പതിനായിരക്കണക്കിനു പോളിഷ് യുദ്ധത്തടവുകാർ മോചിതരായി. അക്കൂട്ടത്തിൽ ഉറ്റവരും ഉടയവരുമില്ലാത്ത, യുദ്ധത്തിൽ എല്ലാം നഷ്ടപ്പെട്ട ആയിരക്കണക്കിനു കുട്ടികളുമുണ്ടായിരുന്നു.

അവർക്കു പോകാൻ മണ്ണിലൊരിടം പോലുമില്ലായിരുന്നു. സ്വന്തം നാട് നാസികളുടെ കൈയിലും. കാരാഗൃഗങ്ങളിൽനിന്നു മോചിപ്പിച്ചെങ്കിലും സോവിയറ്റ് യൂണിയൻ അവരെ ഏറ്റെടുക്കാൻ തയാറല്ലായിരുന്നു.

പട്ടിണിയും രോഗങ്ങളും വേട്ടയാടിയ ആ കുരുന്നുകൾക്കു മുന്നിൽ ലോകരാജ്യങ്ങൾ പലതും വാതിലുകൾ കൊട്ടിയടച്ചു. ഈ പ്രതിസന്ധിഘട്ടത്തിലാണ് ബ്രിട്ടീഷ് വാർ ക്യാബിനറ്റിൽ അംഗമായിരുന്ന ദിഗ്‌വിജയ്സിംഗ്ജി രക്ഷകനായി അവതരിക്കുന്നത്.

# താളിയോല രേഖകൾക്ക് പുതിയ പഠനകേന്ദ്രം: കെട്ടിടം ഫെബ്രുവരി 26ന് നാടിന് സമർപ്പിക്കും

സംസ്ഥാന പുരാരേഖ വകുപ്പിന് കീഴിലുള്ള ഒരു കോടിയിൽപ്പരം വരുന്ന താളിയോല രേഖകളുടെ സൂക്ഷിപ്പിനും പഠന ഗവേഷണത്തിനുമായി വിഭാവനം ചെയ്ത ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ യാഥാർത്ഥ്യത്തിലേക്ക്. കേരള സർവ്വകലാശാല കാര്യവട്ടം കാമ്പസിൽ ഇതിനായി പണിതീർത്ത 21,832 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായി. കെട്ടിടം പുരാവസ്തു പുരാരേഖ മ്യൂസിയം രജിസ്ട്രേഷൻ വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഫെബ്രുവരി 26ന് വൈകുന്നേരം 3 മണിക്ക് നാടിന് സമർപ്പിക്കും.

കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയാക്കി പരിവർത്തിപ്പിക്കുക എന്ന സർക്കാറിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെയും പൈതൃക സംരക്ഷണ പ്രവർത്തനത്തിന്റെയും ഭാഗമായാണ് ഇത്തരത്തിൽ ഒരു കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ചത്. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആറു കോടി രൂപ ഇതിനായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് കേരള സർവ്വകലാശാല ഒരേക്കർ സ്ഥലം ഈ ഗവേഷണ കേന്ദ്രത്തിനായി വിട്ടുനൽകി. സർവ്വകലാശാലയിലെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും മാനുസ്ക്രിപ്റ്റ് ലൈബ്രറിയും പ്രവർത്തിക്കുന്ന കെട്ടിടത്തിന് സമീപത്താണ് പുതിയ മന്ദിരം പണിതീർത്തിരിക്കുന്നത്.

കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിലെ റീജ്യണൽ ആർക്കൈവ്സുകളിൽ സൂക്ഷിച്ചിരിക്കുന്ന പതിനാലാം നൂറ്റാണ്ടു മുതലുള്ള താളിയോല രേഖകൾ ഈ കേന്ദ്രത്തിലേക്ക് മാറ്റി സജ്ജീകരിക്കും.

സ്ത്രീകൾക്ക് വേലക്കടകൾ തുടങ്ങാൻ പണം കൊടുത്തത്, തൃപ്പടിദാനം, പാണ്ഡ്യരാജാവ് മലയാളത്തിലെ രാജക്കൻമാർക്ക് ഗ്രാമം ദാനം നൽകിയത്, സർക്കാർ ഉദ്യോഗസ്ഥർ ഓഫീസിൽ വൈകി എത്തിയതിന് പിഴ ഈടാക്കിയത്, ജോലിക്ക് നെല്ലിനു പകരം പണം കൂലിയായി കൊടുത്ത ഉത്തരവ്, തൂക്കി കൊല്ലുന്നതിനു മുൻപ് അവസാന ആഗ്രഹം ചോദിക്കുന്നത് സംബധിച്ച രേഖ തുടങ്ങി കൗതുകകരമായ ഒട്ടേറെ താളിയോല രേഖകൾ ഇക്കൂട്ടത്തിൽ ഉണ്ട്.

ഗവേഷകർക്കും പഠിതാക്കൾക്കും പഠന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേകം സൗകര്യം ഈ കേന്ദ്രത്തിൽ ഒരുക്കും. താളിയോല രേഖകളുടെ രാസസംരക്ഷണത്തിനും ഡിജിറ്റൈസേഷനുമുള്ള ലബോറട്ടറി സൗകര്യങ്ങളും ഈ കെട്ടിടത്തിൽ സജ്ജീകരിക്കും.കേരളത്തിന്റെ മധ്യകാല ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ പര്യാപ്തമായ ഭരണപരവും സാംസ്കാരികവുമായി പ്രസക്തിയുള്ള ഒരു കോടിയിൽപരം താളിയോല രേഖകളാണ് നിലവിൽ കേരള ആർക്കൈവ്സിന്റെ സൂക്ഷിപ്പിലുള്ളത്. ഈ രേഖകൾ ഒരു കേന്ദ്രത്തിൽ ലഭ്യമാകുന്നത് പഠിതാക്കൾക്കും ഗവേഷകർക്കും പ്രയോജന പ്രദമാകും.

# സിമെറ്റിന് കീഴിൽ 8 പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു: മന്ത്രി വീണാ ജോർജ്

## സിമെറ്റിന് പുതിയ ആസ്ഥാന മന്ദിരം: നിർമ്മാണ ഉദ്ഘാടനം

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (സിമെറ്റ്) യ്ക്ക് കഴിഞ്ഞ 5 വർഷകാലയളവിൽ അഭൂതപൂർവ്വമായ വളർച്ചയും പുരോഗതിയും കൈവരിക്കാൻ കഴിഞ്ഞതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ കാലയളവിൽ 8 പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ സാധിച്ചു. 2400 വിദ്യാർത്ഥികൾ ഇന്ന് സിമെറ്റിന്റെ കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 21 നഴ്സിംഗ് കോളേജുകളാണ് സർക്കാർ മേഖലയിൽ ആരംഭിച്ചതെന്നും മന്ത്രി വ്യക്തമാക്കി. സിമെറ്റ് ആസ്ഥാന മന്ദിരത്തിന്റേയും മുട്ടത്തറ സിമെറ്റ് കോളേജ് ഓഫ് നഴ്സിങ് കെട്ടിടത്തിന്റേയും ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.സിമെറ്റിലെ എല്ലാ അഡ്മിഷനും എൽ.ബി.എസ്. മുഖേന മെറിറ്റ് അടിസ്ഥാനത്തിലാണ് നടത്തുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സിമെറ്റിൽ 223 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 150 അധ്യാപക തസ്തികകളും 73 അനധ്യാപക തസ്തികകളും സൃഷ്ടിച്ചു.വി.കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ച യോഗത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ കെവി, കേരള ആരോഗ്യ സർവകലാശാല രജിസ്ട്രാർ ഡോ. എസ്. ഗോപകുമാർ, സിമെറ്റ് ഡയറക്ടർ ഡോ. ആശ. എസ്. കുമാർ, കേരള നഴ്സസ് &മിഡ് വൈഫ്സ് കൌൺസിൽ പ്രസിഡന്റ് അനീസ എസ്.എ, മുട്ടത്തറ സിമെറ്റ് കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. മിനി. ജി എന്നിവർ സംസാരിച്ചു.

# ഐ.എച്ച്.ആർ.ഡി. ഏകദിന വർക്ക് ഷോപ്പിന് അപേക്ഷിക്കാം

ഐ.എച്ച്.ആർ.ഡി തിരുവനന്തപുരം മുട്ടടയിലുള്ള സെന്റർ ഓഫ് അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ നടത്തുന്ന ഏക ദിന വർക്ക് ഷോപ്പുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

ഫെബ്രുവരി 26 ന് പൈത്തൺ പ്രോഗ്രാമിങ്,27ന് വെബ് ഡിസൈനിങ്, 28 ന് കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഫോർ ടീച്ചേർസ് എന്നീ വിഷയങ്ങളിലാണ് ശില്പശാല. 750 രൂപയും ജിഎസ്ടിയുമാണ് ഫീസ്. താത്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 9495069307, 813688238 9400519491, 8547005087, 0471-2550612 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# ശബരിമലയിൽ സ്വർണം വല്ലതും ബാക്കിയുണ്ടോ സർക്കാരിനെതിരേ സുപ്രീം കോടതിയുടെ രൂക്ഷവിമർശനം

ന്യൂഡൽഹി: ശബരിമല സ്വർണക്കൊള്ള കേസിൽ സംസ്ഥാന സർക്കാരിനെതിരേ രൂക്ഷവിമർശനവുമായി വീണ്ടും സുപ്രീം കോടതി. ബാക്കി എന്തെങ്കിലും സ്വർണം ശബരിമലയിൽ അവശേഷിക്കുന്നുണ്ടോ എന്ന് കോടതി ചോദിച്ചു.

ശബരിമല സ്വർണക്കൊള്ളക്കേസിലെ അറസ്റ്റിനെതിരേ സ്മാർട്ട് ക്രിയേഷൻസ് സിഇഒ പങ്കജ് ഭണ്ഡാരി നൽകിയ ഹർജി പരിഗണിക്കവെയാണ് സുപ്രീം കോടതിയുടെ ചോദ്യം. ജസ്റ്റീസ് ദീപാങ്കർ ദത്ത അധ്യക്ഷനായ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

ബെഞ്ചിലെ അംഗമായ ജസ്റ്റീസ് സതീശ് ചന്ദ്രശർമയാണ് ശബരിമലയിൽ സ്വർണം വല്ലതും ബാക്കിയുണ്ടോ എന്ന് ചോദിച്ചത്. കാര്യങ്ങളൊക്കെ കേൾക്കുമ്പോൾ ഇത് ചോദിക്കാതിരിക്കാനാകില്ലെന്നും ജസ്റ്റീസ് പറഞ്ഞു. ആരോഗ്യകാര്യങ്ങൾ പരിഗണിച്ചാണ് എസ്. ജയശ്രീക്ക് ജാമ്യം അനുവദിച്ചത്. മറ്റൊരു പ്രതികൾക്കും യാതൊരു ഇളവും നൽകില്ലെന്നും കോടതി സൂചന നൽകി.

അതേസമയം, സ്വർണക്കൊള്ളയുമായി പങ്കജ് ഭണ്ഡാരിക്ക് ഒരു ബന്ധവും ഇല്ലെന്ന് അദ്ദേഹത്തിന് വേണ്ടി ഹാജരായ അഭിഭാഷകൻ ചൂണ്ടിക്കാട്ടി. അദ്ദേഹത്തിൻറെ അറസ്റ്റ് നിയമവിരുദ്ധമാണ്.

സ്വർണം പൂശുകമാത്രമാണ് അദ്ദേഹത്തിൻറെ ജോലി. മംഗൾയാനിലും ചന്ദ്രയാനിലുമൊക്കെ സ്വർണം പൂശി നൽകിയിട്ടുണ്ട്. സ്വർണം മോഷ്ടിക്കേണ്ട സാഹചര്യമില്ലെന്നും പരാതിക്കാരൻ പറഞ്ഞു.

അഭിഭാഷകൻ ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഹർജി പരിഗണിക്കുന്നത് മാർച്ച് ഒമ്പതിലേക്ക് സുപ്രീം കോടതി മാറ്റിയത്. വെള്ളിയാഴ്ച കേസ് പരിഗണിക്കണം എന്നായിരുന്നു പങ്കജ് ഭണ്ഡാരിയുടെ അഭിഭാഷകൻ ആവശ്യപ്പെട്ടത്. എന്നാൽ, ഹോളി അവധിക്ക് ശേഷമേ പരിഗണിക്കാൻ കഴിയുകയുള്ളുവെന്ന് സുപ്രീം കോടതി അറിയിക്കുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഗുണമേന്മയും സുസ്ഥിരതയുമാർന്ന ഊർജോൽപ്പാദനമാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം: മന്ത്രി വി. ശിവൻകുട്ടി

## സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകൾ വിതരണം ചെയ്തു

ഗുണമേന്മയും സുസ്ഥിരതയുമാർന്ന ഊർജോൽപ്പാദനമാണ് സംസ്ഥാനത്തിന്റെ ലക്ഷ്യമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. സംസ്ഥാന ഊർജ സംരക്ഷണ അവാർഡ് 2025 വിതരണച്ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന ഊർജ സംരക്ഷണ അവാർഡ് വിതരണം വെറുമൊരു പുരസ്കാരച്ചടങ്ങ് മാത്രമല്ല, മറിച്ച് ഊർജക്ഷമതയിലൂടെ വികസനവും പരിസ്ഥിതി സംരക്ഷണവും കൈകോർക്കുന്ന കേരളത്തിന്റെ ദൃഢ പ്രതിബദ്ധതയുടെ പ്രഖ്യാപനമാണെന്ന് മന്ത്രി പറഞ്ഞു. വൈദ്യുതി മേഖലയെ നവീകരണത്തിന്റെ പാതയിലേക്ക് നയിക്കുന്നതിൽ സർക്കാർ സജീവമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തൽ, ഉപഭോക്തൃ സൗഹൃദ സേവനങ്ങൾ ഉറപ്പാക്കൽ, സാങ്കേതിക നവീകരണം എന്നിവയിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്.

ട്രാൻസ്മിഷൻ-ഡിസ്ട്രിബ്യൂഷൻ നഷ്ടം കുറയ്ക്കൽ, സ്മാർട്ട് മീറ്ററിംഗ് വ്യാപനം, വൈദ്യുതി സേവനങ്ങളുടെ ഡിജിറ്റലൈസേഷൻ തുടങ്ങിയ മേഖലകളിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. പുനരുപയോഗ ഊർജ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും ശ്രദ്ധേയമാണ്. സൗരോർജ ഉൽപാദനം വർധിപ്പിക്കുന്നതിലൂടെ വീടുകളും സ്ഥാപനങ്ങളും ഉപഭോക്താക്കളെന്നതിലുപരി ഉൽപാദകരാകുന്ന പുതിയ സംസ്കാരം രൂപപ്പെട്ടു. മേൽക്കൂര സോളാർ പ്ലാന്റുകൾ, സർക്കാർ സ്ഥാപനങ്ങളിലെ ഗ്രീൻ ബിൽഡിംഗ് മാതൃകകൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഊർജക്ഷമ പദ്ധതികൾ എന്നിവ സർക്കാരിന്റെ പ്രവർത്തന മികവിന്റെ ഉദാഹരണങ്ങളാണ്.

എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) മുഖേന ഐഎസ്ഒ 50001 സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുകയും ഊർജ ഓഡിറ്റ് പദ്ധതികൾ നടപ്പിലാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നതിലൂടെ സംസ്ഥാനത്തിന്റെ ഊർജക്ഷമതാ ദൗത്യത്തിന് കരുത്ത് പകരുന്നതായും മന്ത്രി പറഞ്ഞു.

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ പ്രകടനം വിലയിരുത്തി വിവിധ വിഭാഗങ്ങളിലായി ആദരിക്കപ്പെട്ട സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ അഭിമാനമാണെന്ന് മന്ത്രി പറഞ്ഞു. ഊർജ സംരക്ഷണം ചെലവ് ലാഭിക്കൽ മാത്രമല്ല, പരിസ്ഥിതി സംരക്ഷണവും ഭാവി തലമുറയോടുള്ള ഉത്തരവാദിത്തവുമാണ്. നൂറ് ശതമാനം വൈദ്യുതീകരണം കൈവരിച്ച സംസ്ഥാനമായ കേരളം ഇനി ലക്ഷ്യമിടുന്നത് ഗുണമേന്മയുള്ളതും പരിസ്ഥിതി സൗഹൃദവും സ്ഥിരതയാർന്നതുമായ വൈദ്യുതി സംവിധാനമാണ്.

അവാർഡ് ജേതാക്കൾക്കും പ്രത്യേക പരാമർശം ലഭിച്ചവർക്കും മന്ത്രി അഭിനന്ദനം അറിയിച്ചു. ഉൽപാദനത്തിൽ പുരോഗതി, ഉപഭോഗത്തിൽ ഉത്തരവാദിത്തം, വികസനത്തിൽ സുസ്ഥിരത എന്ന ലക്ഷ്യം കൈവരിക്കാൻ സർക്കാർ, സ്വകാര്യ മേഖല, വിവിധ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവർ ഒരുമിച്ച് പ്രവർത്തിക്കണം. ചടങ്ങ് വിജയകരമായി സംഘടിപ്പിച്ച എല്ലാവർക്കും മന്ത്രി അഭിനന്ദനം അറിയിച്ചു.

ഊർജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ മുഖേനയാണ് അവാർഡിന് അർഹരായവരെ തെരഞ്ഞെടുത്തത്. ഏഴ് വിഭാഗങ്ങളിലായി പുരസ്കാരങ്ങൾ വിതരണം ചെയ്തു. ജേതാക്കൾക്ക് ക്യാഷ് പ്രൈസും ഫലകവും നൽകി. കൂടാതെ ഐഎസ്ഒ 50001 സർട്ടിഫിക്കേഷനും ഊർജ ഓഡിറ്റും നടപ്പിലാക്കുന്നതിനുള്ള ആനുകൂല്യങ്ങളും ഇ.എം.സി പ്രഖ്യാപിച്ചു.

ഇത്തവണ വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് അവാർഡ് ഏറ്റുവാങ്ങി. ചെറുകിട വിഭാഗത്തിൽ കോഴിക്കോട് ഫോർച്യൂൺ ഇലാസ്റ്റോമേഴ്സ് പ്രൈവറ്റ് ലിമിറ്റഡും, കെട്ടിടങ്ങളുടെ വിഭാഗത്തിൽ തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും പുരസ്കാരത്തിനർഹരായി. സ്ഥാപനങ്ങൾ/സംഘടനകൾ വിഭാഗത്തിൽ കേരള സർവകലാശാലയാണ് അവാർഡ് ജേതാവ്.

വിവിധ വിഭാഗങ്ങളിലായി പ്രത്യേക പരാമർശത്തിനും പ്രോത്സാഹന സമ്മാനങ്ങൾക്കും അർഹരായവരെയും ചടങ്ങിൽ ആദരിച്ചു. വൻകിട വിഭാഗത്തിൽ കോഴിക്കോട് പി.കെ. സ്റ്റീൽ കാസ്റ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവരും ഇടത്തരം വിഭാഗത്തിൽ ആലപ്പുഴ വി.കെ.എൽ സീസണിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, കണ്ണൂർ ഡയറി (MRCMPU) എന്നിവരും കുമരകം കോക്കനട്ട് ലഗൂൺ (കെട്ടിടങ്ങൾ), കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (സ്ഥാപനങ്ങൾ), ആലപ്പുഴ ഓൾ എബൗട്ട് ഇന്നൊവേഷൻ ആൻഡ് അഡ്വാൻസ്ഡ് റിസർച്ച് പ്രൈവറ്റ് ലിമിറ്റഡ് (ഊർജ ക്ഷമ ഉൽപ്പന്ന പ്രോത്സാഹകർ), എറണാകുളം എഫ് 5 സസ്റ്റൈനബിലിറ്റി കൺസൾട്ടന്റ്സ് (ആർക്കിടെക്ചറൽ സ്ഥാപനങ്ങൾ) എന്നിവർ പ്രത്യേക പരാമർശത്തിനുള്ള പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

ചടങ്ങിൽ ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. വി.കെ. ദാമോദരന്റെ ജീവിതം ആസ്പദമാക്കിയ 'ദാമോദരം' അനുസ്മരണ വീഡിയോയും ചടങ്ങിൽ പ്രകാശനം ചെയ്തു. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. കെ. രവി രാമൻ മുഖ്യപ്രഭാഷണം നടത്തി.അനെർട്ട് സി.ഇ.ഒ ഹർഷിൽ ആർ മീണ, ഇ.എം.സി വൈസ് ചെയർമാൻ ഡോ. ആർ.വി.ജി മേനോൻ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി. വിനോദ് എന്നിവർ ആശംസകളർപ്പിച്ചു.ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതവും രജിസ്ട്രാർ സുഭാഷ് ബാബു ബി.വി നന്ദിയും രേഖപ്പെടുത്തി.



സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകൾ മന്ത്രി വി ശിവൻകുട്ടി സമ്മാനിക്കുന്നു

